പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3442 18/02/2013- ൽ മറുപടിക്ക്

## മൃഗസംരക്ഷണ മേഖലയുടെ വികസനത്തിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം:<br>ശ്രീ. സാജു പോൾ:<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ. കെ.കെ. നാരായണൻ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) മൃഗസംരക്ഷണ മേഖല സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ചെലുത്തുന്ന സ്വാധീനം വിശകലനം ചെയ്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഈ മേഖലയുടെ വികസനത്തിനും സംരക്ഷണത്തിനും പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുവാൻ തയ്യാറാകുമോ; പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) തയ്യാറാകും. ഉണ്ട്. |
| (സി) ആരോഗ്യ സംരക്ഷണവും മൃഗചികിത്സാ സംവിധാനവും കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ; | (സി) ആരോഗ്യ സംരക്ഷണവും, മൃഗചികിത്സാ സംവിധാനവും കർഷകരുടെ വീട്ടുപടിക്കലെത്തിക്കുന്നതിനും , രാത്രി കാലങ്ങളിൽ അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനും പൈലറ്റുപദ്ധതിയായി 20 ബ്ലോക്കുകളിൽ വെറ്ററിനറി ഡോക്ടർമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. മൃഗചികിത്സയും ആരോഗ്യ പരിരക്ഷയും നൽകുന്നതിന് ഒരു പഞ്ചായത്തിൽ 10 ക്യാമ്പുവീതം 1000 പഞ്ചായത്തുകളിൽ ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. വീട്ടുപടിക്കൽ മൃഗചികിത്സ സംവിധാനം നടപ്പിലാക്കുന്നതിനായി ഏഴ് ആംബുലേറ്ററി വാഹനങ്ങൾ വാങ്ങുന്നതിനും , രണ്ട് ആധുനിക മൾട്ടിസ്പെഷ്യാലിറ്റി മൊബൈൽ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും ആലപ്പുഴ ജില്ലയ്ക്കുവേണ്ടി ഒരു സഞ്ചരിക്കുന്ന ആംബുലേറ്ററി ബോട്ട് വാങ്ങുന്നതിനുമുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്. |

(ഡി) മൃഗസംരക്ഷണ മേഖലക്ക് ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ഇതിനകം ചെലവഴിച്ചു;

(ഡി) മൃഗസംരക്ഷണ വകുപ്പിന്റെ 2012-13 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ അനുവദിച്ചിട്ടുള്ള തുക 131.42 കോടി രൂപയാണ്. എന്നാൽ മേൽപ്പറഞ്ഞ തുക പുതുക്കി 138.25 കോടി രൂപയായി ഉയർത്തുകയുണ്ടായി. 2013 ജനുവരി മാസം വരെ പദ്ധതിയിനത്തിൽ 55.21% ചെലവഴിക്കുവാൻ സാധിച്ചു.

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ഈ രംഗത്ത് ചെലവഴിക്കാനുദ്ദേശിച്ച തുക എത്ര; ഇതിനകം ചെലവഴിച്ചത് എത്ര; വിശദമാക്കാമോ?

(ഇ) 2012-13 സാമ്പത്തിക വർഷം കേന്ദ്രാവിഷ്ക്കൃത പദ്ധതികൾക്കായി ബഡ്ജറ്റിൽ കേന്ദ്രവിഹിതമായി നീക്കി വെച്ചിട്ടുള്ള തുക 24.42 കോടി രൂപയാണ്. ഇതുവരെ 7.22 കോടി രൂപയാണ് ചെലവഴിക്കുവാൻ സാധിച്ചത്. പല പദ്ധതികൾക്കും കേന്ദ്രത്തിൽ നിന്നും തുക ലഭിക്കാത്തതുമൂലം സംസ്ഥാന ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കേന്ദ്രവിഹിതം ചെലവഴിക്കുന്നതിന് സാധിച്ചിട്ടില്ല. 735.95ലക്ഷം രൂപ പല പദ്ധതികളിലായി ലഭിക്കുവാനുണ്ട്.

കന്നുകാലി സെൻസസിനായി 6.37 കോടി രൂപ അധികമായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

ns